ക്ഷാമബത്തയെ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ് ലഭിച്ചു കഴിഞ്ഞ് സംസ്ഥാന ഗവൺമെന്റ് ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നതിന് കുറച്ചു കാലതാമസം വരാറുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : സർ, സംസ്ഥാനത്തെ പെൻഷൻകാരുടെ കുടിശ്ശിക ക്ഷാമബത്ത ഇപ്പോൾ പ്രോവിഡന്റ് ഫണ്ടിൽ ഉൾപ്പെടുത്തുകയാണ്. അത് റൊക്കമായിട്ട് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : പ്രോവിഡന്റ്ഫണ്ടിൽ നിക്ഷേപിച്ചു കഴിഞ്ഞാൽ അത് അവർക്ക് എടുക്കാവുന്നതാണ്. അത് ക്യാഷ് ആയിട്ട് കൊടുക്കുന്നതുപോലെ തന്നെയാണ്. അരിയേഴ്സിനെ സംബന്ധിച്ചു മാത്രമാണ് ചില ഘട്ടങ്ങളിൽ പ്രോവിഡന്റ് ഫണ്ടിലേക്ക് നീക്കിവയ്ക്കുന്നത്. ആ നടപടി ഇനിയും തുടരേണ്ടതായിട്ട് വരുകയില്ല എന്നു പറയാൻ ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. എ. സി. ജോസ് : സംസ്ഥാന ജീവനക്കാർക്ക് ക്ഷാമബത്ത കൊടുക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ സ്വാഭാവികമായും സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കേണ്ട സ്ഥിതിവിശേഷം ഉണ്ടാകുന്നുണ്ട്. ധനകാര്യകമ്മീഷൻ ആ കാര്യത്തെക്കുറിച്ച് പരിപൂർണ്ണമായി കണക്കിലെടുത്തിട്ടില്ല എന്ന ആക്ഷേപം ഉള്ളതുകൊണ്ട് ക്ഷാമബത്ത കൊടുക്കുന്നതിന് വരുന്ന ബാദ്ധ്യതകൾ പൂർണ്ണമായി നിർവഹിക്കുന്നതിന് ധനക്കാര്യകമ്മീഷനുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്ന് കൂടുതൽ സഹായം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : ക്ഷാമബത്ത വർദ്ധിപ്പിച്ചു കൊടുക്കേണ്ടി വരുന്നതുകൊണ്ടുള്ള ബാദ്ധ്യത മുഴുവൻ സ്റ്റേറ്റിന് ഏറെറടുക്കാൻ പ്രയാസമാണെന്നുള്ള കാര്യം സംസ്ഥാനങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഏതെങ്കിലും വിധത്തിൽ സംവിധാനമുണ്ടാക്കണമെന്നു പറഞ്ഞിട്ടുണ്ട്. സർക്കാരിയാ കമ്മീഷന്റെ പ്രവർത്തനത്തിൽ ഇത് പരിഗണിക്കുമെന്ന് കരുതുന്നു.

ആരോഗ്യവകുപ്പിലെ സ്ഥലംമാറ്റം

* 5. [6] ശ്രീ. പി. സീതിഹാജി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ആരോഗ്യവകുപ്പിൽ പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നുണ്ടോ ;

(ബി) വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ആകെ എത്ര ഡോക്ടർമാർ സ്ഥലംമാറ്റം നൽകിയ സ്ഥലത്ത് ജോലിക്ക് ഹാജരാകാതെയിരിക്കുന്നുണ്ട് ;

(സി) നാട്ടിൻപുറങ്ങളിലെ പല പി. എച്ച്. സെൻറുകളിലും ഡോക്ടർമാർ ഇല്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ആ സ്ഥലങ്ങളിൽ ഡോക്ടർമാരുടെ സേവനം നിർബന്ധമാക്കുന്നതിന് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഈ കാര്യത്തിൽ ഗവൺമെൻറ് ഒരു അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) വർക്കിംഗ് അറേഞ്ച്മെൻറ് നിരുത്തലാക്കിയിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റിൽ നിന്നും അസിസ്റ്റൻറ് സർജൻമാരെ നിലവിലുള്ള ഒഴിവുകളിൽ യഥാസമയം നിയമനം നടത്താൻ നിർദ്ദേശം നൽകുകയും അതിൻപ്രകാരം ആരോഗ്യ വകുപ്പു ഡയറക്ടർ എല്ലാ തസ്തികകളിലേക്കും നിയമനം നടത്തുകയുമുണ്ടായി. എന്നാൽ ചിലർ ഉന്നതവിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ജോലിക്ക് ഹാജരാകുന്നതിനുള്ള സമയം നീട്ടിക്കിട്ടുന്നതിന് അപേക്ഷിക്കുകയുണ്ടായി. അപ്രകാരം ഉണ്ടായ ഒഴിവുകളിൽ പി. എസ്. സി. ലിസ്റ്റിൽ നിന്നും ആളുകളെ നിയമിച്ചിട്ടുണ്ട്. ഇനി എന്തെങ്കിലും ഒഴിവുകൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവധിയിൽ നിന്നും മടങ്ങി വരുന്നവരെകൊണ്ടോ അല്ലെങ്കിൽ പി. എസ്. സി. യുടെ ലിസ്റ്റിൽ നിന്നുമോ അവ യഥാസമയം നികത്തുന്നതാണ്.

ശ്രീ. പി. സീതി ഹാജി : കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂറോളജിസ്റ്റ് പോസ്റ്റിലേക്ക് മെഡിസിന്റെ തലവനെ നിയമിക്കുകയും മെഡിസിന്റെ പോസ്റ്റ് ഒഴിവു വന്നപ്പോൾ അയാൾക്കു തിരിച്ചു കൊടുക്കാതെ വേറെയാളിനെ ആ സ്ഥാനത്തേക്ക് നിയമിക്കുകയും ചെയ്തത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അത്തരം അപാകതകൾ പരിഹരിക്കുന്നതിന് ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : അപാകതകൾ തിരുത്തിക്കൊണ്ടാണ് ഓർഡർ ഇഷ്യൂ ചെയ്തിട്ടുള്ളത്. വർക്കിംഗ് അഡ്ജസ്റ്റുമെൻറ് എന്നുപറഞ്ഞു വച്ചിരിക്കുന്ന സ്ഥലത്തൊക്കെ സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ വേണ്ട സ്ഥലത്തൊക്കെ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ നിയമിക്കുകയും മറ്റ് സ്ഥലങ്ങളിൽ ജനറൽ മെഡിസിന് ജനറൽ മെഡിസിന്റെ ആളുകളെ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു ഡിസ്പെൻസറി എന്ന പദ്ധതി

* 6 [7] ശ്രീ. പി. കെ. കെ. ബാവ :

,, ഇ. ടി. മുഹമ്മദ് ബഷീർ :

,, എ. വി. അബ്ദുറഹിമാൻ ഹാജി :

,, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു ഡിസ്പെൻസറി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാം എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly